"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ആയിരിക്കെ സസ്പെൻഷനിലായ ശ്രീ. അനിൽകുമാർ.എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.817/2023 നമ്പർ കേസിലെ 09.06.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1451/2023/LSGD തീയതി,തിരുവനന്തപുരം, 15-07-2023

പരാമർശം:-

1. തിരുവനന്തപുരം നഗരസാ സെക്രട്ടറിയുടെ 03.09.2021 തീയതിയിലെ GA7/5956/2021 നമ്പർ ഉത്തരവ്.
2. ശ്രീ. അനിൽകുമാർ.എസ്. സർക്കാരിൽ സമർപ്പിച്ച 12.04.2023 തീയതിയിലെ നിവേദനം.(അനക്ഷർ എ10)
3. ശ്രീ. അനിൽകുമാർ.എസ്. ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 817/2023 നമ്പർ കേസിലെ 09.06.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.07.2023 തീയതിയിലെ LSGD/PD/3220/2023-VIGA2 നമ്പർ ഉത്തരവ്.
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.07.2023 തീയതിയിലെ LSGD/PD/3220/2023-VIGA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം നഗരസഭ ശ്രീകാര്യം സോണൽ ഓഫീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ആയിരിക്കെ പരാമർശം 1 ഉത്തരവ് പ്രകാരം സസ്പെൻഷനിലായ ശ്രീ. അനിൽകുമാർ.എസ്. സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ10 നിവേദനം പ്രകാരം തന്നെ സസ്പെൻഡ് ചെയ്ത നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് പിൻവലിക്കുന്നതിനും തന്നെ സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. അനിൽകുമാർ.എസ്. ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 817/2023 നമ്പർ കേസിലെ 09.06.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ 12.04.2023 തീയതിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ10 അപേക്ഷ, പരിഗണിച്ച് ഒരു മാസത്തിനകം ഉചിതമായ തീരുമാനമെടുക്കുന്നതിന് ഉത്തരവായിരുന്നു.

2. ശ്രീ. അനിൽകുമാർ.എസ്.-ന്റെ അപേക്ഷയിൽ തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ

പരാമർശം 5 റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തിരുവനന്തപുരം നഗരസഭയിലെ ശ്രീകാര്യം സോണൽ ആഫീസിൽ നടത്തിയ പരിശോധനയിൽ നികുതി കളക്ഷൻ തുക ഒടുക്ക വരുത്തിയതിൽ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായും 22/01/2021 മുതൽ 06/07/2021 വരെയുള്ള കാലയളവിലെ കളക്ഷൻ തുകയായ 5,12,785/- രൂപ നഗരസഭ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലായെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം നഗരസഭ മേയർക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ അക്കൗണ്ട്സ് വിഭാഗം പരിശോധന നടത്തുകയും ടി തുക വരവ് വന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ശ്രീകാര്യം സോണൽ ആഫീസിലെ കാഷ്യറായ ശ്രീ.അനിൽകുമാറിനെ 03/09/21 മുതൽ സസ്പെൻഡ് ചെയ്യുകയുണ്ടായി. തുടർന്ന് നഗരസഭ സെക്രട്ടറി ശ്രീ.അനിൽകുമാറിന് എതിരെ 1960 ലെ കേരളസിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം 13/09/2021 തീയതിയിൽ കുറ്റാരോപണമെമ്മോ നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ Crime No. 1542/2021, U/S 420,409 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിക്കുന്നു.

3. തിരുവനന്തപുരം നഗരസഭ അക്കൗണ്ട്സ് ആഫീസറുടെ 09/03/2022 ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം ചാർജ് ആഫീസറായിരുന്ന ശ്രീമതി.ലളിതാംബിക, ശ്രീ.സുനിൽകുമാർ (റവന്യൂ ഇൻസ്പെക്ടർ), ശ്രീ.അനിൽകുമാർ (കാഷ്യർ), ശ്രീ.ബിജു (ഓഫീസ് അറ്റൻഡന്റ്) എന്നിവരാണ് കുറ്റക്കാരെന്ന് കണ്ടെത്തുകയും ശ്രീകാര്യം സോണൽ ആഫീസിൽ നിന്നും ഉണ്ടായ സാമ്പത്തിക നഷ്ടം 5,12,785/- രൂപയാണെന്നും ഓദ്യോഗിക കൃത്യനിർവഹണത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് ഉണ്ടായ ഗുരുതരമായ വീഴ്ചക്ക് വകുപ്പ്തല ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു.

4. തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ശ്രീകാര്യം സോണൽ ആഫീസിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കിയ നികുതി/നികുതിയേതര വരുമാനമായ 5,12,785/- രൂപ ബാങ്കിൽ ഒടുക്കാതെ ബന്ധപ്പെട്ട ജീവനക്കാർ വ്യാജരേഖ ചമച്ചും നഗരസഭയെ തെറ്റിദ്ധരിപ്പിച്ചും അപഹരിച്ചിട്ടുള്ളതുമാണെന്ന് ബോധ്യപ്പെട്ടാണ് ശ്രീ.അനിൽ കുമാർ(കാഷ്യർ) ഉൾപ്പടെയുള്ള ജീവനക്കാരെ ഉടനടി സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത് എന്നും കൂടാതെ ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 1542/2021 നമ്പർ കേസിൻറെ അന്വേഷണം പൂർത്തിയാക്കി U/s 409,420,465,468,471 & 34 IPC പ്രകാരം ചാർജ് ഷീറ്റ് 14/11/2022 തീയതി ബഹു. JFCM-1 തിരുവനന്തപുരം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നും തിരുവനന്തപുരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നഗരസഭ ആഭ്യന്തര അന്വേഷണം നടത്തുകയും ബന്ധപ്പെട്ട ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിൻറെ ഭാഗമായി നിയമോപദേശം തേടുകയും ആയതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത തുകകൾ തിരിച്ച് പിടിക്കണമെന്നും കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് നിയമന അധികാരിയായ നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നഗരസഭ തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന്

തിരുവനന്തപുരം നഗരസഭ സെക്രട്ടറി ശിപാർശ ചെയ്യുകയുണ്ടായി എന്നും അറിയിച്ചിരുന്നു.

5. തിരുവനന്തപുരം നഗരസഭ അക്കാണ്ട്സ് ഓഫീസർ നടത്തിയ ആഭ്യന്തര അന്വേഷണ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയുടെ ശ്രീകാര്യം സോണൽ ആഫീസിൽ ജീവനക്കാർ ക്രമക്കേട് നടത്തിയിട്ടുളളതായി കണ്ടെത്തിയിട്ടുള്ളതിനാലും ഓദ്യോഗിക കൃത്യനിർവഹണത്തിൽ ഉണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് ടി ജീവനക്കാർക്കെതിരെ കഠിന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറി ശിപാർശ ചെയ്തിട്ടുളളതിനാലും ടി ജീവനക്കാർ ഗുരുതരമായ ചട്ടലംഘനം, കൃത്യവിലോപം സാമ്പത്തിക ക്രമക്കേട്, അധികാര ദുർവിനിയോഗം, ധനനഷ്ടം എന്നീ കുറ്റങ്ങൾക്ക് ഉത്തരവാദിയായി കണ്ട് ശ്രീകാര്യം സോണൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.അനിൽകുമാർ. എസ്. എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറി ആരംഭിച്ച അച്ചടക്കനടപടിയിലുള്ള തുടർനടപടി അവസാനിപ്പിച്ചും തിരുവനന്തപുരം നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോ റദ്ദ് ചെയ്ത് കൊണ്ടും, ടി ജീവനക്കാർക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പുതിയ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുന്നതിന് തീരുമാനിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതോടൊപ്പം ശ്രീ.അനിൽ കുമാർ.എസ് ന് എതിരെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുമുണ്ടായതായും അറിയിക്കുന്നു. കൂടാതെ തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള നേമം, ശ്രീകാര്യം, ആറ്റിപ്ര സോണൽ ഓഫീസുകളിൽ നിന്നും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ച 26,74,333/- രൂപ (നേമം), 5,12,785/ രൂപ ശ്രീകാര്യം) 1,09,836/- രൂപ (ആറ്റിപ്ര ഉൾപ്പടെ ആകെ തുകയായ 12,96,9547 രൂപ തിരികെ ഈടാക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറി, തിരുവനന്തപുരം നഗരസഭയ്ക്ക് ടി കാര്യാലയത്തിൽ നിന്നും നിർദേശം നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

6. തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ശ്രീകാര്യം സോണൽ ഓഫീസിൽ നിന്നും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ച 5,12,785/- രൂപ നാളിതു വരെ ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ലാത്തതാണെന്ന് കണ്ട് ശ്രീ.എസ്.അനിൽ കുമാറിനെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും, ശ്രീ.എസ്.അനിൽ കുമാറിനെ സേവനത്തിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ട് 1 വർഷം കഴിഞ്ഞിട്ടുള്ളതിനാലും, ടിയാനെ തുടർന്നും സസ്പെൻഷനിൽ നിർത്തുന്നത് സർക്കാരിന്റെ പൊതു ഖജനാവിന് ഭീമമായ സാമ്പത്തിക നഷ്ടം വരുത്തുമെന്നതിനാലും, ടിയാൻ തിരുവനന്തപുരം നഗരസഭയിൽ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നത് രേഖകളിൽ കൃത്രിമം കാണിക്കുന്നതിന് അവസരമുണ്ടാകുമെന്നതിനാലും ടിയാന്റെ 55% ഭിന്നശേഷി പരിഗണിച്ചും ശ്രീ.എസ്.അനിൽ കുമാറിന് എതിരെ തുടർന്ന് വരുന്ന അച്ചടക്കനടപടിക്ക് ഭംഗം വരാത്ത വിധം, കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ലർക്ക് തസ്തികയിലെ നിലവിലുള്ള ഒഴിവിൽ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് പരാമർശം 4 പ്രകാരം ഉത്തരവായിട്ടുളള വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 07.07.2023ലെ ഉത്തരവ് പ്രകാരം ശ്രീ.എസ്.അനിൽ കുമാറിന്റെ സസ്പെൻഷൻ പിൻവലിച്ച് സേവനത്തിൽ പുനപ്രവേശിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. അനിൽകുമാർ.എസ്. സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ10 അപേക്ഷയിലെ ആവശ്യം

നിലവിൽ പരിഗണിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടി ആവശ്യമില്ലായെന്ന് കണ്ട് അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽ പ്രകാരം ഒ.എ. 817/2023 നമ്പർ കേസിലെ 09.06.2023 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)
ശ്രീ. അനിൽകുമാർ.എസ്. എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-07-2023 14:28:54
സെക്ഷൻ ഓഫീസർ